# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 702** **04-02-2020-ൽ മറുപടിക്ക്**

## നെല്ലിക്കുഴി തീർത്ഥാടനം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ശ്രീരാമവിലാസം ചവളാർ സൊസൈറ്റിയുടെ നേതൃത്വത്തിൽ പഴനിക്ഷേത്രം മുതൽ നെല്ലിക്കുഴി ക്ഷേത്രം വരെയുള്ള വിവിധ സാംസ്കാരിക കേന്ദ്രങ്ങൾ സന്ദർശിച്ച് സാമൂഹ്യ തിന്മകൾക്കെതിരെ ബോധവത്കരണം നടത്തിവരുന്ന നെല്ലിക്കുഴി തീർത്ഥാടനം സർക്കാരിന്റെ പിൽഗ്രിം ടൂറിസത്തിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് മാസ്റ്റർപ്ലാൻ സഹിതം ഭാരവാഹികൾ നൽകിയ നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | നെല്ലിക്കുഴി തീർത്ഥാടനത്തിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീരാമ വിലാസം ചവളർ സൊസൈറ്റിയുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനം പരിശോധിച്ച് പദ്ധതിയുടെ സാധ്യത, സ്ഥല ലഭ്യത മുതലായവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നിവേദനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | വർഷംതോറും ചവളാർ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന നെല്ലിക്കുഴി തീർത്ഥാടനം സർക്കാരിന്റെ പിൽഗ്രിം ടൂറിസത്തിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ